കേരള സർക്കാർ

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - അൺ എയ്ഡഡ് - 2009 ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം - സംസ്ഥാന പാഠ്യപദ്ധതി പിന്തുടരുന്ന അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (എഫ്) വകുപ്പ്

സ.ഉ. (കൈ.) 114/2015/പൊ.വി. തീയതി, തിരുവനന്തപുരം, 14, മേയ്, 2015

---

പരാമർശം:
1) സ.ഉ. (അച്ചടിച്ചത്) 100/2011/പൊ.വി. തീയതി 30.04.2011.
2) സ.ഉ. (കൈ) നം. 184/2013/പൊ.വി. തീയതി 10.06.2013.
3) സ.ഉ. (സാധാ.) 2736/13/പൊ.വി. തീയതി 02.07.2013
4) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 15.07.2013-ലെ എൻ.എസ്. (1)/47310/ 2013/ഡി.പി.ഐ. നമ്പർ വിജ്ഞാപനം.
5) സ.ഉ. (സാധാ.) 3333/13/പൊ.വി. തീയതി 16.08.2013
6) സ.ഉ. (സാധാ.) 4027/13/പൊ.വി. തീയതി 01.10.2013
7) സ.ഉ. (സാധാ.) 4078/14/പൊ.വി. തീയതി 09.10.2014
8) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 06.02.2015, 10.03.2015 എന്നീ തീയതികളിലെ എൻ.എസ്.(1)/47310/13/ഡി.പി.ഐ. നം. കത്തുകൾ

**ഉത്തരവ്**

2009 ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്തും നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരാമർശം (1) പ്രകാരം ചട്ടങ്ങൾ രൂപീകരിക്കുകയുണ്ടായി. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനായി പരാമർശം (2) പ്രകാരം വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പരാമർശം (3) പ്രകാരം ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരിക്ക് അംഗീകാരത്തിനായുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31.07.2013 ആയി നിശ്ചയിക്കുകയും അംഗീകാരത്തിനായി മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷിക്കുന്നതിന് പരാമർശം (4) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. തുടർന്ന് പരാമർശം (5), (6) എന്നിവ പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിനായുള്ള അവസാന തീയതി രണ്ടു പ്രാവശ്യം കൂടി ദീർഘിപ്പിച്ചു നൽകുകയും പരാമർശം (7) പ്രകാരം നിശ്ചിത യോഗ്യതയുള്ള എല്ലാ സ്കൂളുകൾക്കും അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസരം നൽകുന്നതിനായി അവസാന തീയതി 31.12.2014 ആയി നിശ്ചയിക്കുകയും ചെയ്തു.

2) മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സമർപ്പിക്കപ്പെട്ട അപേക്ഷകൾ ബന്ധപ്പെട്ട ഉപജില്ലാ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ നേരിട്ട് പരിശോധിച്ച് പരാമർശം (2) ലെ മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തിയശേഷം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് നൽകുകയും പൊതു വിദ്യാഭ്യാസ ഡയറക്ടർ സ്കൂളുകളുടെ പരിശോധനാ റിപ്പോർട്ട് സൂക്ഷ്മ പരിശോധന നടത്തുകയും പരാമർശം (8) പ്രകാരം അംഗീകാരം ൻൽകേണ്ട സ്കൂളുകളുടെ പേരും മറ്റു വിവരങ്ങളും ശുപാർശ സഹിതം സർക്കാരിൽ ലഭ്യമാക്കുകയുമുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2011 - ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകൾക്ക് തുടർന്ന് പ്രവർത്തിക്കണമെങ്കിൽ സർക്കാരിന്റെ അംഗീകാരം നിർബന്ധമാണ്. പരാമർശം (2) ലെ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി 01.06.2012 - ൽ ചുരുങ്ങിയത് അഞ്ചു വർഷക്കാലമായി പ്രവർത്തിച്ചുവരുന്നതുമായ സ്കൂളുകളെയാണ് അംഗീകാരത്തിനായി പരിഗണിച്ചത്. ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരികൾ സ്കൂളുകൾ നേരിട്ട് പരിശോധിച്ച് തയ്യാറാക്കിയ റിപ്പോർട്ട് സൂക്ഷ്മ പരിശോധന നടത്തി പൊതു വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ ശുപാർശയുടെ അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്ന സംസ്ഥാന പാഠ്യപദ്ധതി പിന്തുടരുന്ന 308 സ്കൂളുകൾക്ക് 2009- ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെയും 2011 - ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ ചട്ടത്തിന്റെയും അടിസ്ഥാനത്തിൽ 2015-16 അദ്ധ്യയന വർഷം മുതൽ അംഗീകാരം നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു. ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിൽ സംസ്ഥാന സിലബസ്സിലുള്ള പാഠപുസ്തകങ്ങൾ ചില വിഷയങ്ങളിൽ പൂർണ്ണമായും ലഭ്യമല്ലാത്ത കാരണത്താൽ മറ്റു പാഠ്യപുസ്തകങ്ങൾ പിന്തുടരുന്ന അനുബന്ധത്തിലെ ക്രമ നമ്പർ 235 മുതൽ 308 വരെയുള്ള സ്കൂളുകൾ 2015 -16 അദ്ധ്യയന വർഷം മുതൽ സംസ്ഥാന പാഠ്യപദ്ധതി പിന്തുടർന്നു കൊള്ളാമെന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരിക്ക് 100 രൂപയുടെ മുദ്രപ്പത്രത്തിൽ സത്യവാങ്മൂലം നൽകേണ്ടതും ആയത് ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരി ഉറപ്പു വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വി.എസ്. സെന്തിൽ,
അഡീഷണൽ ചീഫ് സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കലക്ടർമാർക്കും
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും
പ്രോജക്ട് ഡയറക്ടർ, ഐ.റ്റി അറ്റ് സ്കൂൾ, തിരുവനന്തപുരം.
പ്രോജക്ട് ഡയറക്ടർ, സർവ്വ ശിക്ഷാ അഭിയാൻ, തിരുവനന്തപുരം.
പൊതു ഭരണ (എസ്.സി.) വകുപ്പ്
ബന്ധപ്പെട്ട സ്കൂൾ മാനേജർക്ക്/ഹെഡ്മാസ്റ്റർക്ക്
വെബ് ആന്റ് ന്യൂ മീഡിയ , പി. & എ.ആർ.ഡി., സെക്രട്ടേറിയറ്റ്
കരുതൽ ശേഖരം/കാര്യാലയ പകർപ്പ്

പകർപ്പ്- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ